**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1699 13.7.2011-ൽ മറുപടിക്ക്

# സിലിക്കാമണൽ ഖനനം ചെയ്യുന്നതിന് ലൈസൻസ് നൽകൽ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.പി.തിലോത്തമൻ** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സിലിക്കാ മണൽ ഖനനം ചെയ്യുന്നതിന് ലൈസൻസ് നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;<br>(ബി) വാല്യൂ ആഡഡ് പ്രൊഡക്ട്സ് ഉത്പാദിപ്പിക്കുന്നവർക്ക് മാത്രമായി ലൈസൻസ് നൽകിയാൽ മതി എന്ന തീരുമാനം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (എയും ബിയും) സിലിക്കാ മണൽ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിലേയ്ക്കായി 2.9.2008 തീയതിയിലെ ജി.ഒ(എം.എസ്) നം. 138/2008/ഐഡി ഉത്തരവ് പ്രകാരം സിലിക്കാമണൽ മൂല്യവർദ്ധിത വ്യവസായങ്ങൾക്കുള്ള പ്ലാന്റ്, മെഷീനറി എന്നിവയുള്ളവർക്ക് മാത്രമേ ഖനനം ചെയ്യാൻ അനുവാദം നൽകുകയുള്ളൂ.<br>സിലിക്കാമണൽ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റ്, മെഷീനറി ഇവകൾക്ക് വൻ മുതൽമുടക്ക് ആവശ്യമാണ്. ഈ സാഹചര്യത്തിൽ അപേക്ഷകരുടെ അഭ്യർത്ഥന മാനിച്ച് സർക്കാർ ചില ഇളവുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) മണൽ ഖനന ലൈസൻസ് നൽകുന്നത് സംബന്ധിച്ച നിലപാട് അറിയിക്കുമോ? | (സി) പ്രത്യേക നിബന്ധനകൾ ഏർപ്പെടുത്താതെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലീസ് അനുവദിക്കാവുന്നതാണ് |

**സെക്ഷൻ ഓഫീസർ**